# 4

# “നല്ല ദുഃഖം!”

# (2:11- 22)

ഞങ്ങളുടെ ഇളയ മകൻ, മാത്യു കുട്ടിയായിരുന്നപ്പോൾ, അർക്കൻസാസ് സംസ്ഥാനത്ത് ഒരു വ്യാപാരമേളയിൽ പങ്കെടുക്കുവാൻ ഞങ്ങൾ കുടുംബ സമേതം പോയി. നിർഭാഗ്യവശാൽ ഞങ്ങൾ പോകുവാൻ തിരഞ്ഞെടുത്ത ദിവസം തന്നെ അനേകം പേർ തിരഞ്ഞെടുത്തിരുന്നതുകൊ്, ജനക്കൂട്ടത്തിൽ ഞങ്ങൾക്ക് കഷ്ടിച്ചു നടന്നുനീങ്ങുവാനേ കഴിഞ്ഞുള്ളു. കുട്ടിയായിരുന്ന മാത്യുവിനെ ശ്രദ്ധിക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചിരുന്നു. എങ്കിലും അവന്റെ ചെറുപ്പം കണ്ണുകളും ആവേശമുള്ള മനസും ഞങ്ങൾക്ക് താല്പര്യമില്ലാത്ത തിൽ ആകർഷിച്ചു. അങ്ങനെ ഒരു സ്ഥലത്തെത്തിയപ്പോൾ അവൻ അവിടെ ത്തന്നെ നിൽക്കുകയും, ഞങ്ങൾ നടന്നു നീങ്ങുകയും ചെയ്തു.

മാത്യു ഞങ്ങളോടൊപ്പമില്ലെന്ന് ഞങ്ങൾ മനസിലായപ്പോൾ, ഞങ്ങൾ പ രിഭ്രാന്തരായി. ഞങ്ങൾ ഉടനെ പുറന്തിരിഞ്ഞ് അവനെ നോക്കി നടന്നു. വലിയ പുരുഷാരത്തിലുടെ അവന്റെ പേർ ഉച്ചത്തിൽ വിളിച്ചുകൊ്, കവരോടെല്ലാം അല്പം കറുത്ത മുടിയുള്ള ഒരാൺകുട്ടിയെ കാേ എന്ന് ചോദിച്ചുംകൊ് ഞങ്ങൾ നടന്നുകൊിരുന്നു. മകൻ നഷ്ടപ്പെട്ട ആ സമയത്തെ ഞങ്ങളുടെ വികാരവും കണ്ണുനീരുമൊന്നും പറഞ്ഞറിയിക്കുവാൻ പറ്റാത്തതായിരുന്നു.

പിന്നെ കുറെ കഴിഞ്ഞപ്പോൾ ജനക്കൂട്ടത്തിൽ കൂടെ എന്റെ ഭാര്യയുടെ സഹോദരി കുട്ടിയുടെ കൈപിടിച്ചുകൊ് വരുന്നതു കു. അവളോടൊപ്പം മാത്യു ഉായിരുന്നു. അവന് താൻ നഷ്ടപ്പെട്ടു എന്ന തോന്നലേ ഉായില്ല! കാരണം അവൻ അന്തം-വിട്ട് ഒരു വൈദ്യുത ഗെയിം മെഷീനെ നോക്കിനിന്ന സ്ഥല ത്തുവെച്ചു തന്നെ അവനെ അവന്റെ അമ്മായി കാണുകയും അവനെ കൈപ ിടിച്ച് നടത്തിക്കൊുവരികയും ചെയ്തിരുന്നു. അവസാനം ഞങ്ങൾ അവിടെ ഇല്ലെന്നറിഞ്ഞപ്പോൾ “ഡാഡിയേയും മമ്മിയേയും കാേ?” എന്ന് അവൻ അമ്മാ യിയോട് ചോദിച്ചു. അവൾ അവന്റെ കൈപിടിച്ച് ഞങ്ങളെ നോക്കിക്കൊാണ് വന്നത്. ഞങ്ങൾ നഷ്ടപ്പെട്ടവരായിരുന്നു!

ലോകത്തിൽ അത്തരം സംഭവങ്ങൾ എത്രമാത്രം നടക്കുന്നു: അവർ ന ഷ്ടപ്പെട്ടവരാണെന്ന് തിരിച്ചറിയുന്നുപോലുമില്ല! ദൈവത്തെ ഉപേക്ഷിച്ച് അവർ അഴിമതിക്കടലിലേക്ക് ഇറങ്ങിയിരിക്കുകയാണ്, സാഹചര്യങ്ങൾ അവർക്ക് സുപരിചിതമാക്കുകയും, അത് അവരുടെ വീട് പോലെയാണെന്ന തോന്നലിൽ അവർ എത്തിച്ചേരുകയും ചെയ്തിരിക്കുന്നു. ഒരപകടവും അവർ കാണുന്നില്ല. തങ്ങൾ നഷ്ടപ്പെട്ടവരാണെന്ന തോന്നലുമില്ല.

നഷ്ടപ്പെട്ടു എന്ന തോന്നലുാകുന്നത് ഒരുപക്ഷെ ലോകം നിലംപതിക്കു മ്പോഴായിരിക്കും. അപ്പോൾ നാം നഷ്ടപ്പെട്ടു എന്നതിനേക്കാൾ വളരെ പ്ര ാധാന്യമുള്ള നഷ്ടം സംഭവിച്ചു എന്ന തോന്നലായിരിക്കും ഉാകുക. ആത്മിയ അർത്ഥത്തിൽ, നഷ്ടപ്പെടുക എന്നാൽ ദൈവത്തിൽനിന്നകലുക എന്നാണ്. ആളുകൾ ദൈവത്തിൽനിന്ന് വളരെ അകലുമ്പോൾ, അവർ തങ്ങളുടെ ഇഷ്ട

പ്രകാരം ദൈവത്തെ ഉാക്കി അവയോടൊപ്പം വീട്ടിൽ തന്നെയാണെന്ന് ധരിക്കുകയും ചെയ്യും. തങ്ങൾ ദൈവത്തിൽനിന്ന് നഷ്ടപ്പെട്ടു എന്നവർ അറിയുന്നില്ല, കാരണം അവർ ദൈവം ആരാണെന്ന് അറിയുന്നില്ല. അവർ ഉാക്കിയ ദേവന്മാരിൽനിന്ന് അവർ നഷ്ടപ്പെട്ടിട്ടില്ല, എന്ന് അവർക്ക് അറിയാം. മറിച്ച് അവരെ സൃഷ്ടിച്ച്, നഷ്ടപ്പെട്ട അവസ്ഥയിലും നിലനിർത്തുന്ന, ദൈവത്തിൽനിന്നാണ് അവർ നഷ്ടപ്പെട്ടിരിക്കുന്നത്.

യെഹൂദ്യ ദൈവത്തിൽനിന്നു നഷ്ടപ്പെട്ടതു മാത്രമല്ല, അവരുടെ ലോകവും തകർന്നടിഞ്ഞതും യിരെമ്യാവ് അറിഞ്ഞിരുന്നു. അത് അവന്റേയും ലോകമായിരുന്നു. സംഭവിക്കുന്നതു കാണുകയും സംഭവിക്കുവാനിരിക്കുന്നത് അറിയുകയും ചെയ്തപ്പോൾ അവന് അടങ്ങിയിരിപ്പാൻ കഴിഞ്ഞില്ല. യെഹൂദ്യയെ പോലെ യെരുശലേമിനേയും നശിപ്പിക്കുമെന്നത് ഓർത്ത് യിരെമ്യാവ് കരഞ്ഞുപോയി. എങ്ങനെയായാലും, യിരെമ്യാവിന്റെ കണ്ണുനീർ വെറുതെ ആയില്ല. ചിലപ്പോൾ, കണ്ണുനീർ മുഖാന്തരം നമുക്ക് സത്യം കൂടുതൽ മനസിലാക്കുവാൻ സഹായിക്കുന്നതാണ് അത്. ആ സത്യം ആദ്യം നമുക്ക് അവന്റെ കണ്ണുനീരിൽ കൂടെയും പിന്നെ ആളുകളുടെ കണ്ണുനീരിൽ കൂടെയും നോക്കാം.

## യിരെമ്യാവിന്റെ സഹതാപം

എന്റെ ജനത്തിൻ പുത്രിയുടെ നാശം നിമിത്തം, ഞാൻ കണ്ണുനീർ വാർത്തു കണ്ണു മങ്ങിപ്പോകുന്നു. എന്റെ ഉള്ളം കലങ്ങി കരൾ നിലത്തു ചൊരിഞ്ഞുവീഴുന്നു; പൈതങ്ങളും ശിശുക്കളും നഗരവീഥികളിൽ തളർന്നുകിടക്കുന്നു. അവൻ നിഹതന്മാരെപോലെ നഗരവീഥികളിൽ തളർന്നു കിടക്കുമ്പോഴും, അമ്മമാരുടെ മാർവ്വിടത്തിൽ വെച്ച് പ്രാണൻ പോകുമ്പോഴും, “ആഹാരവും വീഞ്ഞും എവിടെ?” എന്ന് അമ്മമാരോട് ചോദിക്കുന്നു. യെരുശലേം പുത്രിയേ, ഞാൻ നിന്നോട് എന്തു സാക്ഷീകരിക്കേ്കു? എന്തോന്നിനെ നിന്നോട് സാദൃശമാക്കേ്കു? സീയോൻപുത്രിയായ കന്യകേ, ഞാൻ നിന്നെ ആശ്വസിപ്പിപ്പാൻ എന്തൊന്നു നിന്നോട് ഉപമിക്കേ്കു? നിന്റെ മുറിവ് സമുദ്രം പോലെ വലുതായിരിക്കുന്നു; ആർ നിനക്ക് സൗഖ്യം വരുത്തും? നിന്റെ പ്രവാചകന്മാർ നിനക്ക് ഭോഷത്വവും വ്യാജവും ദർശിച്ചിരിക്കുന്നു; അവർ നിന്റെ പ്രവാസം മാറ്റുവാൻ തക്കവണ്ണം നിന്റെ അകൃത്യം വെളിപ്പെടുത്താതെ, വ്യാജവും പ്രവാസകാരണവുമായ പ്രവാചകം ദർശിച്ചിരിക്കുന്നു; കടന്നുപോകുന്ന ഏവരും നിന്നെ നോക്കി കൈകൊട്ടുന്നു; അവർ യെരുശലേം പുത്രിയെ ചൊല്ലി ചൂളകുത്തി തലകുലുക്കി, “‘സൗന്ദര്യപൂർത്തി എന്നും സർവ്വമഹീതലമോദം എന്നും വിളിക്കുന്ന നഗരം ഇതു തന്നെയോ’?” എന്നു ചോദിക്കുന്നു; നിന്റെ ശത്രുക്കളൊക്കെയും നിന്റെ നേരെ വായ്പിളർക്കുന്നു; അവർ ചൂളകുത്തി പല്ലു കടിച്ചു, “നാം അവളെ വിഴുങ്ങിക്കളഞ്ഞു; നാം കാത്തിരുന്ന ദിവസം ഇതു തന്നെ. നമുക്ക് സാദ്ധ്യമായി, നാം കുരസിപ്പാൻ ഇടയായല്ലൊ” എന്നു പറയുന്നു. യഹോവ നിർണ്ണയിച്ചത് അനുഷ്ഠിച്ചിരിക്കുന്നു. ... പുരാതനകാലത്ത് അരുളിച്ചെയ്തത് നിവർത്തിച്ചിരിക്കുന്നു; കരുണ കൂടാതെ അവൻ ഇടിച്ചുകളഞ്ഞു; അവൻ ശത്രുവിനെ നിന്നെച്ചൊല്ലി സന്തോഷിപ്പിച്ചു, വൈരികളുടെ കൊമ്പ് ഉയർത്തിയിരിക്കുന്നു (2:11-17).

ലോകത്തിന്റെ വില കണക്കാക്കലനുസരിച്ച് ശക്തരായ പുരുഷന്മാർ കരയുകയില്ല. കരയുന്നത് പലപ്പോഴും ബലഹീനതയുടെ അടയാളമാണ്. സ്കുളിൽ പഠിക്കുന്ന കുട്ടികൾ മറ്റു കരയുന്ന കുട്ടികളെ "കരയുന്ന കുട്ടികൾ" എന്ന് വിളിച്ച് ആക്ഷേപിക്കാറു്. യിരെമ്യാവ് അത്തരം സ്കൂളിൽ പോയിരുന്നില്ല. അവന്റേത് മൃദുല ഹൃദയമായിരുന്നു. അവന് മനസലിവും സഹതാപവുമുായിരുന്നു. തന്റെ വ്യക്തിപരമായ നഷ്ടത്തേക്കാൾ തന്റെ ജനത്തോടുള്ള സഹതാപം നിമിത്തമായിരുന്നു അവന്റെ കണ്ണിൽനിന്നൊഴുകിയ കണ്ണുനീർ. ഇനി കണ്ണുനീരൊട്ടുമില്ലാതാകുവോളം അവൻ കരഞ്ഞു. അവന്റെ ഉള്ളം നിലത്ത് ചൊരിയുമെന്നവണ്ണം അവന്റെ ഹൃദയം കലങ്ങിയിരുന്നു. അവന് കരയുവാൻ ധാരാളം കാരണങ്ങളുായിരുന്നു.

വിശപ്പുകൊ് ശിശുക്കൾ വീഥികളിൽ വാടി തളർന്നുകിടക്കുന്നു. അമ്മയോട് അവളുടെ പിഞ്ചുകൂഞ്ഞ് തിന്നുവാനോ കുടിക്കുവാനോ എന്തെങ്കിലും തരണേ എന്നു പറയുമ്പോൾ, ഒന്നും കൊടുക്കുവാനില്ലാത്ത അവസ്ഥ നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുവോ? അമ്മയുടെ കൈകളിൽ കിടന്ന് കുട്ടികൾ പട്ടിണികിടന്നു മരിച്ചുപോയി (2:11, 12).

അവരുടെ നാശം കടൽ പോലെ പരന്നതായിരുന്നു, അവരെ സൗഖ്യമാക്കുവാൻ ആർക്കും കഴിഞ്ഞില്ല. അവരുടെ ശൂന്യാവസ്ഥയെ വിവരിക്കുവാൻ .യിരെമ്യാവിന് ശരിയായ വാക്കുകൾക്ക് തന്നെ പരതേി വന്നു. അവൻ അതിനെ ഓരോന്നുകൊു താരതമ്യം ചെയ്യുവാൻ ശ്രമിച്ചു. പക്ഷെ അവന് അതുപോലെ ഉള്ളതായി ഒന്നും കില്ല (2:13).

അവരുടെ പ്രവാചകന്മാർ വ്യാജം പ്രസ്താവിച്ചു. അവർ സത്യം മറച്ചുപിടിച്ച് വഞ്ചനയുള്ള വ്യാജപ്രവചനങ്ങൾ നടത്തി (യിരെമ്യാവ് 14:13-15 നോക്കുക). ആളുകൾക്ക് കേൾക്കുവാൻ ഇമ്പമുള്ളതു സംസാരിച്ചുകൊ് അവരുടെ പാപങ്ങളെ വെളിപ്പെടുത്തി കാണിക്കുന്നതിൽ പ്രവാചകന്മാർ പരാജയപ്പെട്ടു (2:14).

കടന്നുപോയ മറ്റു ദേശക്കാർ അവർക്ക് സംഭവിച്ചത് കിട്ട് കൈകൊട്ടി ആക്ഷേപിച്ചു പറഞ്ഞു, " 'സൗന്ദര്യപൂർത്തി എന്ന് അവർ പറഞ്ഞ നഗരം ഇതു തന്നെയോ'?" യെരുശലേം വീണുപോയി എന്നു അധിക്ഷേപകർ പറയുവാൻ കാത്തിരുന്ന ദിവസം വന്നു (2:15, 16)!

ദൈവം തന്റെ ഉദ്ദേശം നിറവേറ്റി. അവൻ ഒരു ദയവും കാണിച്ചില്ല. അനുസരണം കെട്ടവരെ ഇങ്ങനെ ചെയ്യുമെന്ന് വളരെ മുൻപുതന്നെ അവൻ മുന്നറിയിച്ചിരുന്നു (2:17). മോശെയുടെ കാലത്തെ ന്യായപ്രമാണം പറഞ്ഞു,

> "എന്നാൽ നിങ്ങൾ എന്റെ വാക്ക് കേൾക്കാതെയും ഈ കല്പനകളൊക്കെയും പ്രമാണിക്കാതെയും എന്റെ ചട്ടങ്ങൾ ധിക്കരിച്ച് നിങ്ങളുടെ ഉള്ളം എന്റെ വിധികളെ വെറുത്ത് നിങ്ങൾ എന്റെ കൽപനകളൊക്കെയും പ്രമാണിക്കാതെ എന്റെ നിയമം ലംഘിച്ചാൽ ഞാനും ഇങ്ങനെ നിങ്ങളോട് ചെയ്യും. കണ്ണിനെ മങ്ങിക്കുന്നതും ജീവനെ ക്ഷയിപ്പിക്കുന്നതുമായ ഭീതി, ക്ഷയരോഗം, ജ്വരം എന്നിവ ഞാൻ നിങ്ങളുടെ മേൽ വരുത്തും. നിങ്ങളുടെ വിത്ത് നിങ്ങൾ വെറുതെ വിതെക്കും, ശത്രുക്കൾ അതു ഭക്ഷിക്കും" (ലേവ്യാപുസ്തകം 26:14-16).

> "ശത്രുക്കളുടെ മുമ്പിൽ യഹോവ നിന്നെ തോൽക്കുമാറാക്കും, നീ

ഒരു വഴിയായി അവരുടെ മുമ്പിൽ ചെല്ലും, ഏഴുവഴിയായി അവരുടെ മുമ്പിൽനിന്ന് ഓടിപോകും; നീ ഭൂമിയിലെ സകല രാജ്യങ്ങൾക്കും ഒരു ബാധയായി തീരും. നിന്റെ ശവം ആകാശത്തിലെ സകല പക്ഷികൾക്കും ഭൂമിയിലെ മൃഗങ്ങൾക്കും ഇരയാകും. അവയെ ആട്ടിക്കളവാൻ ആരും ഉാകയില്ല. യഹോവ നിന്നെ മിസ്രയിമിലെ പരുക്കൾ, മൂലവ്യാധി, ചൊറി, ചിരങ്ങ് എന്നിവയാൽ ബാധിക്കും" (ആവർത്തനപുസ്തകം 28:25, 26).

"സകലവസ്തുക്കളുടേയും സമൃദ്ധി ഹേതുവായിട്ട് നിന്റെ ദൈവമായ യഹോവയെ നീ ഉന്മേഷത്തോടും നല്ല ഹൃദയസന്തോഷത്തോടുംകൂടെ സേവിക്കായ്കകൊ് യഹോവ നിന്റെ നേരെ അയക്കുന്ന ശത്രുക്കളെ നീ വിശപ്പോടും, ദാഹത്തോടും, നഗ്നതയോടും എല്ലാ ഞെരുക്കത്തോടുംകൂടെ സേവിക്കും; നിന്നെ നശിപ്പിക്കുംവരെ അവൻ നിന്റെ കഴുത്തിൽ ഒരു ഇരുമ്പു നുകം വെക്കും" (ആവർത്തനപുസ്തകം 28:47, 48).

യെഹൂദ്യർ ദൈവത്തെ സേവിക്കാതിരുന്നതുകൊ് അവർ തങ്ങളുടെ ശത്രുക്കളെ സേവിച്ചു.

## യിരെമ്യാവിന്റെ ഉപദേശം

അനുസരിക്കാതിരുന്നവരെ അവർ കരഞ്ഞതുകൊ് ദൈവം അവരോട് ശിക്ഷിക്കാതെ സഹതാപം കാണിക്കുമെന്നാണ് യിരെമ്യാവ് വിചാരിച്ചത്. പ്രവാചകൻ അവരോട് കരഞ്ഞു പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടു:

... "അവരുടെ ഹൃദയം കർത്താവിനോട് നിലവിളിച്ചു, സീയോൻ പുത്രിയുടെ മതിലേ, രാവും പകലും ഓലോല കണ്ണുനീരൊഴുക്കുക. നിനക്കു തന്നെ സ്വസ്ഥത നൽകരുത്; നിന്റെ കൺമണി വിശ്രമിക്കയുമരുത്. രാത്രിയിൽ, യാമാരംഭത്തിൽ, എഴുന്നേറ്റു നിലവിളിക്ക; നിന്റെ ഹൃദയത്തെ വെള്ളംപോലെ കർത്തൃസന്നിധിയിൽ പകരുക. വീഥികളുടെ തലെക്കലൊക്കെയും വിശപ്പുകൊു തളർന്നുകിടക്കുന്ന നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷക്കായി അവങ്കലേക്ക് കൈമലർത്തുക" (2:18, 19).

അവർക്ക് സംഭവിച്ച അനർത്ഥം നിമിത്തം മാത്രമല്ല അവരുടെ വിലാപം ശരിയായിരുന്നത്, പിന്നെയോ അവരുടെപാപസ്വഭാവം കാരണം സംഭവിച്ച നാശം നിമിത്തം അതു ശരിയായതായിരുന്നു. രാത്രിയിൽ ഓരോ മൂന്നു മണിക്കുറും എഴുന്നേൽക്കുവാനും അവരോട് (ഓരോ യാമത്തിന്റേയും ആരംഭത്തിൽ) വെള്ളം പോലെ അവരുടെ ഹൃദയങ്ങൾ കർത്താവിങ്കൽ പകരുവാനും പറഞ്ഞു "യഹോവയുടെ സന്നിധിക്കുമുമ്പിൽ" (വാ.19), അത് അവർക്ക് പരിചയമില്ലാത്ത വിധത്തിൽ ധൈര്യത്തോടുകൂടെ ദൈവത്തെ നേരിടുന്ന ഒരു രീതിയായിരുന്നു. പശ്ചാത്താപഹൃദയത്തോടെ വേണം ദൈവത്തെ സമീപിക്കുവാൻ എന്നും ആ പദപ്രയോഗം പറയുന്നു. ദാവീദ് അതേ ആവശ്യം പ്രകടിപ്പിക്കയുായി:

"എന്റെ മുഖം അന്വേഷിപ്പിൻ" എന്നു നിങ്കൽനിന്ന് കല്പന വന്നു

> എന്ന് എന്റെ ഹൃദയം പറയുന്നു. യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു. നിന്റെ മുഖം എനിക്ക് മറെക്കരുതേ; അടിയനെ കോപത്തോടെ നീക്കിക്കളയരുതേ, നീ എനിക്ക് തുണയായിരിക്കുന്നു; "എന്റെ രക്ഷയുടെ ദൈവമേ, നീ എന്നെ തള്ളിക്കളയരുതേ, ഉപേക്ഷിക്കയുമരുതേ" (സങ്കീർത്തനങ്ങൾ 27:7-9).

യെഹൂദ്യാവീഥികളിൽ മയങ്ങിക്കിടക്കുന്ന അവരുടെ കുഞ്ഞുങ്ങൾക്ക് വേി അവർ തങ്ങളുടെ കൈകൾ യഹോവയിങ്കലേക്ക് ഉയർത്തുവാൻ യിരെമ്യാവ് അവർക്ക് ആലോചന കൊടുത്തു. നിസഹായരും നിഷ്ക്കളങ്കരുമായ കുട്ടികളുടെ ആവശ്യങ്ങളേക്കാൾ അധികം ഗൗരവമുള്ളതായി മറ്റൊന്നില്ല. ആളുകൾ തങ്ങൾ ചെയ്ത പ്രവൃത്തികളിൽനിന്ന് മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിയുവാൻ എന്തെങ്കിലും പ്രോൽസാഹജനകമായിട്ടുങ്കെിൽ അത് അവരുടെ കുഞ്ഞുങ്ങളുടെ ക്ഷേമം തന്നെയാണ്. ദൈവം ചിലപ്പോൾ രക്ഷകർത്താക്കളെ അവരുടെ കുഞ്ഞുങ്ങൾ മുഖാന്തരം സ്പർശിക്കും.

## യിരെമ്യാവിന്റെ പ്രാർത്ഥന

ദൈവം ചെയ്ത പ്രവൃത്തികളെ ശ്രദ്ധിക്കുവാൻ അപേക്ഷിച്ച്, യിരെമ്യാവ് പ്രാർത്ഥിച്ചു. താൻ ചെയ്തതിനെ കുറിച്ചെല്ലാം, തീർച്ചയായും അവന് അറിയാമായിരുന്നു, അതുകൊ് അവന്റെ പ്രവൃത്തികളുടെ നീതിയെ യിരെമ്യാവു ചോദ്യം ചെയ്തിരുന്നില്ല. ദൈവത്തിന്റെ ന്യായവിധിയുടെ നീതിയെ അവൻ സമ്മതിച്ചുകഴിഞ്ഞിരുന്നു (1:18). തന്റെ പ്രാർത്ഥനയിൽ, യിരെമ്യാവ് ദൈവകോപത്താൽ യെഹൂദ്യയുടെമേൽ വരുത്തിയ കഷ്ടതകളെ അവൻ വിവരിച്ചു:

> യഹോവേ, ആരോടാകുന്നു നീ ഇങ്ങനെ ചെയ്തതെന്ന് ഓർത്ത് കടാക്ഷിക്കേണമേ! സ്ത്രീകൾ ഗർഭഫലത്തെ കയ്യിൽ താലോലിച്ച് പോറുന്ന കുഞ്ഞുങ്ങളെത്തന്നെ, തിന്നേണമോ? കർത്താവിന്റെ വിശുദ്ധമന്ദിരത്തിൽ പുരോഹിതനും പ്രവാചകനും കൊല്ലപ്പെടേണമോ? വീഥികളിൽ ബാലനും വൃദ്ധനും നിലത്ത് കിടക്കുന്നു; എന്റെ കന്യകമാരും യവ്വനക്കാരും വാൾകൊ് വീണിരിക്കുന്നു. നിന്റെ കോപദിവസത്തിൽ നീ അവരെ കൊന്നു കരുണ കൂടാതെ അറുത്തുകളഞ്ഞു. ഉൽസവത്തിന് വിളിച്ചുകൂട്ടുംപോലെ നീ എനിക്ക് സർവ്വത്ര ഭീതികളെ വിളിച്ചുകൂട്ടിയിരിക്കുന്നു; യഹോവയുടെ കോപദിവസത്തിൽ ആരും ചാടിപ്പോകയില്ല; ആരും ശേഷിച്ചതുമില്ല. ഞാൻ കയ്യിൽ താലോലിച്ചു വളർത്തിയവരെ എന്റെ ശത്രു മുടിച്ചിരിക്കുന്നു (2:20-22).

ദൈവം ചെയ്തതിനെ വീും നോക്കുവാൻ യിരെമ്യാവ് ആവശ്യപ്പെട്ടതു കരുണ കാണിക്കുവാനായിരുന്നു. ഒരുപക്ഷെ ദൈവത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ എങ്ങനെ പ്രാർത്ഥിക്കണമെന്ന് പ്രവാചകൻ അവരെ പഠിപ്പിക്കുകയാവാം. വർഷങ്ങളായി തന്നെ ശ്രദ്ധിച്ചുകേൾക്കുവാൻ ദൈവം അവരോട് ആവശ്യപ്പെട്ടിരുന്നു, എന്നാൽ അവർ ആ മുന്നറിയിപ്പുകളെ അവഗണിക്കുകയായിരുന്നു. ഇപ്പോൾ അവർക്ക് അവനെ ശ്രദ്ധിക്കാമെന്നായി, ഒരുപക്ഷെ അവർക്ക് വീും അവന്റെ ശ്രദ്ധ കിട്ടിയേക്കാം.

നിലനിൽപിനു വേി സ്വന്തം കുഞ്ഞുങ്ങളെ ഭക്ഷിപ്പാൻ തുനിയുന്ന

അമ്മമാരുടെ പരിതാപാവസ്ഥയാൽ ദൈവത്തിന്റെ ശ്രദ്ധയാകർഷിക്കുവാൻ കഴിഞ്ഞാൽ ഒരുപക്ഷെ അവന്റെ കോപത്താലുള്ള ന്യായവിധി അവൻ നിർത്തലാക്കിയേക്കാം. ദൈവത്തിന്റെ ചട്ടങ്ങളും പ്രമാണങ്ങളും അനുസരിക്കാതെ ധിക്കരിച്ച് ജീവിച്ചാലുാകുന്ന അനന്തരഫലങ്ങളിൽ ഒന്ന് നിലനിൽപിനായി അവർ തങ്ങളുടെ സ്വന്തപുത്രന്മാരെയും പുത്രിമാരെയും തിന്നുമെന്ന് ദൈവം വളരെക്കാലം മുൻപ് മുന്നറിയിച്ചിരുന്നു (ലേവ്യാപുസ്തകം 26:29). സിറിയൻ സൈന്യം ശമര്യയെ ഉപരോധിച്ചപ്പോൾ അപ്രകാരം സംഭവിച്ചു (2 രാജാക്കന്മാർ 6:24-29 നോക്കുക). അത്തരം നാശം നമുക്ക് ഊഹിക്കുവാൻ പോലും കഴിയുന്നതല്ല!

പുരോഹിതന്മാരെയും പ്രവാചകന്മാരെയും വിശുദ്ധമന്ദിരത്തിൽ വെച്ചു കൊല്ലുന്നതിലേക്ക് ദൈവം ശ്രദ്ധിച്ചാൽ, ഒരുപക്ഷെ ദൈവം തന്റെ പ്രവൃത്തികൾ നിർത്തിയേക്കാം എന്ന്, യിരെമ്യാവ് വിചാരിച്ചു. വിശുദ്ധസ്ഥലം ഒരു സുരക്ഷിതസ്ഥാനമായിട്ടായിരുന്നു കണക്കാക്കിയിരുന്നത്. ദൈവം സന്നിഹിതനാകുന്ന ദൈവജനം കൂടിവരുന്ന സ്ഥാനത്ത് രക്തച്ചൊരിച്ചിൽ നടക്കുവാന്തക്കവണ്ണം ജനത്തിനിടയിലെ അഴിമതി ഉച്ചസ്ഥായിയിലെത്തിയിരുന്നു.

അവസാനം, യിരെമ്യാവ് ദൈവത്തിന്റെ ശ്രദ്ധയാകർഷിക്കുവാൻ ആഗ്രഹിച്ചത് വീഥികളിൽ മരിച്ചു വീണുകിടക്കുന്ന യുവാക്കളിലും വൃദ്ധന്മാരിലുമാണ്. അപ്പോൾ അവൻ ഒരുപക്ഷെ ശിക്ഷ ഒഴിവാക്കി അവരോട് കരുണ കാണിച്ചേക്കാമെന്ന് അവൻ കരുതിയിരിക്കാം.

---

### സന്ദേശം എന്താണ്?

ദുഃഖം എല്ലായ്പോഴും മോശമാണോ? നിങ്ങളുടെ ജീവിതത്തിൽ എപ്പോഴെങ്കിലും ദുഃഖിച്ചതു ആരംഭത്തിൽ അത്ര നന്നായി തോന്നിയില്ലെങ്കിലും, നല്ലതിന് ആയിരുന്നു എന്ന് പിന്നീട് നിങ്ങൾക്ക് കത്തുേവാൻ കഴിഞ്ഞിട്ടുോ? ഇപ്പോഴും, നിത്യതയിലും നിങ്ങളുടെ ജീവിതത്തിൽ, ക്രിയാത്മകമായി വ്യത്യാസം വരുത്തുവാൻ കഴിയുന്ന ഒരു വഴിത്തിരിവായി ദുഃഖം മാറിയേക്കാം.

(1) *ദുഃഖം നമ്മെ മുട്ടിന്മേൽ നിൽക്കുമാറാക്കുമ്പോഴാണ് അതിന് നല്ലഫലം കുതൂടങ്ങുക.* നാം മുൻപ് പ്രാർത്ഥിച്ചിട്ടില്ലാത്ത വിധത്തിൽ പ്രാർത്ഥിക്കുവാൻ ദുഃഖം നമ്മെ പഠിപ്പിക്കുമ്പോൾ, മനുഷ്യന് അറിയുവാൻ കഴിഞ്ഞിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ ശക്തി സംഭരിക്കുവാൻ സാധിക്കും. വേദനയോടെ പ്രാർത്ഥിക്കുന്നതുവരെ നാം പ്രാർത്ഥനയുടെ ആഴവും വീതിയുമൊന്നും അറിയുന്നില്ല. നാം സാധാരണ പ്രാർത്ഥിക്കാറുള്ള "കുട്ടികളുടെ പ്രാർത്ഥന" യേക്കാളുപരി പ്രത്യേകതയുള്ള ഒന്നാണ് വേദനയോടെയുള്ള പ്രാർത്ഥന. കഷ്ടതയാലുള്ള പ്രാർത്ഥന സാധാരണ അനേക നന്മകൾക്ക് നന്ദി പ്രകടിപ്പിച്ചുകൊുള്ള പ്രാർത്ഥനയേക്കാൾ അത് അവനോട് ആഴമേറിയ ഐക്യത പ്രകടിപ്പിക്കുന്ന ഒന്നായി മാറും. ഈ നിലയിലുള്ള പ്രാർത്ഥന, അയോഗ്യത സമ്മതിക്കുന്നതും, വിവരിക്കുവാനസാധ്യമായ നന്ദി പ്രകാശിപ്പിക്കലുമായിരിക്കും. അവന് കേൾക്കുവാനും സഹായിക്കുവാനുമുള്ള ദൈവത്തിന്റെ അപാരമായ കഴിവിൽ നാം അതിശയിക്കും. പശ്ചാത്താപത്തോടുകൂടി ഹൃദയത്തെ പകരുന്നതായിരിക്കും അത്തരം പ്രാർത്ഥന. ആത്മാവിനെ-പവിത്രമായി ശുദ്ധീകരിക്കുന്ന ഒന്നായിരിക്കും അത്!

ക്രൂരമായി കുല ചെയ്യപ്പെടുകയോ, ബലാൽസംഗത്തിനിരയാകുകയോ ചെയ്തവരുടെ കുടുംബാംഗങ്ങളുമായി മാദ്ധ്യമങ്ങൾ അഭിമുഖം നടത്തുമ്പോൾ പലപ്പോഴും നാം കേൾക്കാറുള്ളത്, ഞങ്ങൾക്ക് അവരോട് ശത്രുതയില്ല, സഹതാപമേയുള്ളു എന്നാണ്. ആത്മാവിനെ-തണുപ്പിക്കുന്ന പ്രാർത്ഥനക്കു ശേഷമാണ് അത്തരം മനസലിവ് പ്രകടിപ്പിക്കുവാൻ കഴിയുന്നത്.

(2) *ദുഃഖത്താൽ നമുക്ക് തോൽവിയിൽനിന്നു പഠിക്കുവാൻ കഴിയുന്നതു, ജീവിതത്തിലെ വലിയ ഗുണപാഠങ്ങളായിരിക്കും.* ദിവസവും ട്രെയിനിന്റെ പുറകെ ഓടി അതിനെ പിടിക്കുവാൻ ശ്രമിച്ചിട്ട് ഒരിക്കലും പിടിക്കുവാൻ കഴിയാതിരുന്ന ഒരു പട്ടിയുടെ കഥ വില്യം ഈ. ബാർട്ടൻ, അദ്ദേഹത്തിന്റെ സേഫ്ഡ് ദ സെയിജ് എന്ന പുസ്തകത്തിൽ പറയുന്നു. പട്ടി ഒരേ രീതിയിലാണ് എല്ലാ ദിവസവും ട്രെയിനിനെ പിടിക്കുവാനോടി കുഴിയിൽ വീണുരുളുന്നത്. ഓരോ പ്രാവശ്യവും എഴുന്നേറ്റ് ദേഹം ഒന്നു കുടഞ്ഞിട്ട്, ട്രെയിൻ പോകുന്നത് നോക്കി, അല്പം ഒന്ന് നിന്നിട്ട്, കുരച്ചുകൊ് തിരിച്ച് വീട്ടിലേക്ക് പോകും. തെറ്റുകളിൽ വീണിട്ടും, അതിൽനിന്നും ഒന്നും പഠിക്കാതെ, വീും തെറ്റുകളുടെ പുറകെ പോകുന്ന മനുഷ്യർ ആ പട്ടിയെ പോലെയാണ്.[1] ദുഃഖം വരുമ്പോൾ, നാം എഴുന്നേറ്റ്, "ഞാൻ ഇതിൽനിന്ന് എന്താണ് പഠിക്കുന്നത്?" എന്ന് ചോദിക്കണം, ഇല്ലെങ്കിൽ, അതെന്തുകൊാണെന്ന് അറിയാതെ ജീവിത കുഴിയിൽ തുടർച്ചയായി വീണുകൊിരിക്കും.

(3) *അവസാനം, ദുഃഖം വരുമ്പോൾ, അത് ജീവിതത്തെയും ദൈവത്തോട് ചേരേതിന്റെ ആവശ്യത്തെയും തിരിച്ചറിയുവാൻ കഴിയുന്നുവെങ്കിൽ "നല്ലതാണ്."* നഷ്ടപ്പെടുക എന്നാൽ ദൈവത്തിൽനിന്ന് വേർപിരിയുക എന്നാണ്, രക്ഷിക്കപ്പെടുക എന്നാൽ ദൈവത്തോട് വീും ചേരുക എന്നാണ്. ജനങ്ങളെ തന്നോട് ചേർക്കുക എന്നതാണ് ഭൂമിയിലെ ദൈവത്തിന്റെ പ്രവൃത്തിയുടെ ഉദ്ദേശം. നാം അവന്റെ സ്വഭാവം സ്വീകരിച്ച്, അവനോടുകൂടെ നടന്ന്, എന്നേക്കും അവനോടൊപ്പം ജീവിക്കണമെന്നുമാണ് ദൈവം തീരുമാനിച്ചിരിക്കുന്നത്. ആ തീരുമാനം ലോകത്തെ സൃഷ്ടിക്കുന്നതിനുമുൻപു തന്നെ ദൈവം എടുത്തിരുന്നു (എഫെസ്യർ 1:4). അവന്റെ ആ ആഗ്രഹം പൗലൊസ് എഫെസ്യർ 1:10, 11-ൽ പ്രകടിപ്പിച്ചിട്ടു്: "അതു സ്വർഗത്തിലും ഭൂമിയിലുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊു തന്നെ. അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചന പോലെ, സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരമത്രേ."

നാം ദൈവത്തിൽനിന്നകന്നു പോയത്, നമ്മുടെ തന്നെ അകൃത്യങ്ങൾ നിമിത്തമായിരുന്നു (യെശയ്യാവ് 59: 1, 2). എല്ലാവരോടും കരുണയും ബഹുമാനവും കാണിച്ച്, നല്ലവരായിരിപ്പാനും, അതേ സമയത്ത് ദൈവത്തിൽ ആശ്രയിച്ച് ശുദ്ധീകരണം ലഭിക്കാതെ ദൈവത്തിൽനിന്ന് അകന്നു കഴിഞ്ഞേക്കാം. "ആരും നശിച്ചുപോകാതെ ധനിത്യമായി അവനിൽനിന്നകന്നുപ എല്ലാവരും മാനസാന്തരപ്പെടുവാനത്രെ ദൈവം ഇഛിക്കുന്നത്" (2 പത്രൊസ് 3:9). പ്രവൃത്തികൾ 4:12 നമ്മെ ഓർപ്പിക്കുന്നത്, "മറ്റൊരുത്തനിലും രക്ഷയില്ല; രക്ഷിക്കപ്പെടുവാൻ ധദൈവത്തോടു വീും ചേരുവാൻപ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ വേറൊരു നാമമില്ല" എന്നാണ്.

തന്റെ പൈതലാക്കി ദൈവഭവനത്തിലേക്ക് ചേർത്ത്, അവന്റെ അവകാശങ്ങളെല്ലാം നമുക്ക് നൽകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മിലുള്ള പ

ാപക്കറകളെല്ലാം, അവൻ കഴുകി ശുദ്ധീകരിച്ച്, നമ്മെ അവന്റെ പുത്രന്മാരും, പുത്രിമാരും ആക്കുവാൻ ആഗ്രഹിക്കുന്നു. "ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ" ശരിയായ ഒരു മകന് ലഭിക്കുന്ന എല്ലാ അവകാശങ്ങളോടുംകൂടെയാണ് നമ്മെ ദത്തെടുക്കുന്നത് (ഗലാത്യർ 3:26). ചരിത്രത്തിലെ യേശുവിനെ വെറുതെ മനസിൽ സ്വീകരിക്കുന്നതിനേക്കാളുപരിയാണ് അത്. ദൈവത്തിന്റെ പരിശുദ്ധിയെയും നമ്മുടെ അശുദ്ധിയേയും തമ്മിൽ താരതമ്മ്യം ചെയ്തുകൊ്, നമുക്ക് എത്രത്തോളം അവന്റെ ആവശ്യമു് എന്നു ബോധ്യപ്പെട്ടുകൊള്ളുന്നതാണ് തിരുവെഴുത്തിൻ പ്രകാരമുള്ള വിശ്വാസം. അതിനർത്ഥം നമ്മുടെ ശുദ്ധീകരണത്തിന് അവനല്ലാതെ മറ്റൊരു മാർഗവുമില്ല എന്നതാണ്. നമ്മുടെ പാപക്കടം കൊടുത്തു തീർപ്പാനോ, ശുദ്ധീകരിപ്പാനോ നമുക്ക് കഴിയുകയില്ല എന്ന സമ്മതമാണ് അതിലുള്ളത്. യേശുവിൽ ആശ്രയിക്കുന്നതിന്റെ മറ്റൊരു ഭാഗമാണ്, അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് പങ്കുചേരുന്ന വെള്ളത്തിലുള്ള അടക്കമാകുന്ന സ്നാനം (റോമർ 6:3–7).

"ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാത്യർ 3:27). അവനെ ധരിക്കുവാൻ ദൈവം വെച്ചിരിക്കുന്ന നടപടിയാണിത്, നാം അവനിലേക്ക് പ്രവേശിക്കുന്നതിനും അവന് നമ്മിലേക്ക് പ്രവേശിക്കുവാൻ അനുവദിക്കുന്നതിനും. ഈ നടപടിയാലാണ് നാം ദൈവത്തോട് യോജിക്കുന്നത് (റോമർ 6:5). "അബ്ബാ, പിതാവേ!" എന്നു വിളിക്കുവാനായി, അപ്പോഴാണ് അവന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് അയക്കുന്നത്. "പിന്നെ നിങ്ങൾ ഒരിക്കലും ദാസന്മാരല്ല, പുത്രന്മാരത്രെ; പുത്രനെങ്കിലോ ദൈവത്തിന് കൂട്ടവകാശികളുമത്രെ" (ഗലാത്യർ 4:6, 7).

---

കുറിപ്പ്

[1]വില്യം ഈ. ബർട്ടൻ, *സേഫ്ഡ് ദ സേജ്* (അറ്റ്ലാന്റ: ജോൺ നോക്സ് ബുക്സ്, 1965), 9.

**ദുഃഖം, ഉപദേഷ്ടാവ്**

സുഖത്തോടെ ഞാൻ ഒരു മൈൽ നടന്നു;
അവൾ എപ്പോഴും നർമ്മ സല്ലാപം നടത്തിക്കൊിരുന്നു;
അവൾക്ക് പറയുവാനുള്ളതിനെല്ലാം
ജ്ഞാനിയായ ആരെയും വിട്ടുതന്നില്ല.
ദുഃഖത്തോടെ ഞാൻ ഒരു മൈൽ നടന്നു,
അവൾ ഒരു വാക്ക് പോലും പറഞ്ഞില്ല;
ഓ! പക്ഷെ, ദുഃഖം എന്നോടുകൂടെ നടന്നപ്പോൾ,
അവളിൽനിന്ന് ഞാൻ ചിലത് പഠിച്ചു.

റോബർട്ട് ഹാമിൽട്ടൻ